ഉത്തരം

(എ ആന്റ് ബി) 17-9-2004-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 119/04/ഉ.വി.വ. പ്രകാരം സ്വകാര്യ കോളേജിലെ അനദ്ധ്യാപക ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ പുനർ നിർണ്ണയിച്ചിട്ടുണ്ട്.

(സി) മേൽ ഉത്തരവ് പ്രകാരം പുനർനിർണ്ണയിച്ച സ്റ്റാഫ് പാറ്റേൺ അനുബന്ധം ആയി ചേർത്തിരിക്കുന്നു. †

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി) രാവിലെ 9.30/10 മണിമുതൽ വൈകുന്നേരം 4.30/5 മണി വരെ.

വിദ്യാഭ്യാസ മേഖലയ്ക്കുള്ള യു.ജി.സി. സഹായം നേടിയെടുക്കാൻ ശ്രമം

67 [2286] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദക്ഷിണേന്ത്യയിൽ യു.ജി.സി.-യുടെ മേഖലാ കേന്ദ്രങ്ങൾ എവിടെയെല്ലാമെന്ന് അറിയിക്കാമോ;

(ബി) യു.ജി.സി.-യുടെ ഒരു മേഖലാ കേന്ദ്രം തലസ്ഥാനമായ തിരുവനന്തപുരത്ത് സ്ഥാപിക്കുവാൻ കേരള സർക്കാർ പരിശ്രമിക്കുമോ;

(സി) ഇക്കഴിഞ്ഞ രണ്ട് പഞ്ചവൽസര പദ്ധതികളിൽ യു.ജി.സി. കേരളത്തിലെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി എത്ര കോടി രൂപ അനുവദിച്ചുവെന്ന് അറിയിക്കാമോ;

(ഡി) കേരളത്തിലെ സർവ്വകലാശാലകൾക്ക് മതിയായ യു.ജി.സി. വിഹിതം ലഭിക്കുന്നതിനും പ്രോജക്ടുകൾ അംഗീകരിക്കുന്നതിനും എം.പി.-മാരുടെ സഹായത്തോടെ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ബാംഗ്ലൂരിലും ഹൈദരാബാദിലും.

(ബി) പരിശ്രമിക്കുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) യു.ജി.സി.-യുടെ ധനസഹായം കോളേജുകൾക്ക് നേരിട്ടാണ് നൽകി വരുന്നത്. ഇക്കഴിഞ്ഞ രണ്ടു പഞ്ചവൽസര പദ്ധതികളിൽ യു.ജി.സി. കേരളത്തിലെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ സർക്കാർ, എയിഡഡ് കോളേജുകളിൽ നിന്ന് ശേഖരിച്ചുവരുന്നു.

(ഡി) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫഷണൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ നടപടി

68 [2287] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് ഡിഗ്രി-ഡിപ്ലോമ വിദ്യാർത്ഥികളിൽനിന്നും കാമ്പസ് സെലക്ഷൻ നടത്തുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണ്;

(ബി) മറ്റ് എഞ്ചിനീയറിംഗ് കോളേജുകളിലെ നിലവാരം മെച്ചമല്ലെന്ന ആക്ഷേപം നിലവിലുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് പല പദ്ധതിക്കും രൂപം നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഉറപ്പാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് തുടങ്ങിയ നിലവാരം പുലർത്തുന്ന പ്രമുഖ എഞ്ചിനീയറിംഗ് സ്ഥാപനങ്ങളിലാണ് പ്രധാനമായും കാമ്പസ് സെലക്ഷൻ നടക്കുന്നത്. വിപ്രോ, ടാറ്റാ, ഇൻഫോസിസ്, അശോക് ലൈലാന്റ് തുടങ്ങിയ എഞ്ചിനീയറിംഗ് ഐ.റ്റി. മേഖലകളിലെ പ്രമുഖ വ്യവസായ സ്ഥാപനങ്ങൾ ക്യാമ്പസ് സെലക്ഷനുവേണ്ടി ഇത്തരം കോളേജുകളെ സമീപിക്കാറുണ്ട്.

(ബി) ചില എഞ്ചിനീയറിംഗ് കോളേജുകളിലെ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) രൂപം നൽകിയിട്ടുണ്ട്.